പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2316 — 18.03.2015 ൽ മറുപടിക്ക്

## വിവിധ വെബ് സൈറ്റുകളുടെ സംയോജനം

ചോദ്യം — മറുപടി

**ശ്രീ. ജോസഫ് വാഴയ്ക്കൻ**
**ശ്രീ. ഡൊമിനിക് പ്രസന്റേഷൻ**
**ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ**
**ശ്രീ. വി. ഡി. സതീശൻ**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)**

(എ) സർക്കാർ സേവനങ്ങൾ ലഭ്യമാക്കുന്ന നിലവിലുള്ള വിവിധ വെബ് സൈറ്റുകളെ സംയോജിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(എ) & (ബി) ഉണ്ട്. 02-02-2015 ലെ G.O(Ms)03/2015/ITD ഉത്തരവ് പ്രകാരം ഐ. & പി. ആർ.ഡിയുടെ ഉടമസ്ഥതയിലുള്ള www.kerala.gov.in എന്ന വെബ് സൈറ്റിനെയും, കേരള സ്റ്റേറ്റ് ഐ. റ്റി മിഷന്റെ ഉടമസ്ഥതയിലുള്ള, www.eservices.kerala.gov.in നെയും സംയോജിപ്പിച്ച് www.kerala.gov.in എന്ന വിലാസത്തിൽ ഒരു ഏകീകൃത വെബ് സൈറ്റ് ആക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. സർക്കാർ സേവനങ്ങൾ ലഭിക്കുന്നതിന് ഒന്നിലധികം വെബ് സൈറ്റുകൾ സന്ദർശിക്കുക വഴി പൊതു ജനത്തിന് ഉള്ള ബുദ്ധിമുട്ട് ഒഴിവാക്കുവാനും കേരള സർക്കാർ നൽകുന്ന എല്ലാ ഇ-സേവനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടുവരുക എന്ന ആശയവും മുൻനിറുത്തിയാണ് ഇത്തരത്തിൽ വെബ് സൈറ്റുകൾ സംയോജിപ്പിക്കുവാൻ തീരുമാനിച്ചത്.

(സി) ആരുടെ സഹായത്തോടുകൂടിയാണ് ഇത് പ്രാവർത്തികമാക്കുന്നത്;

(സി) ഐ & പി. ആർ.ഡി, എൻ.ഐ.സി, സി-ഡിറ്റ്, എസ്.റ്റി.ക്യൂസി എന്നീ ഏജൻസികളുടെ സഹകരണത്തോടെ കേരള സ്റ്റേറ്റ് ഐ ടി മിഷനാണ് ഈ പ്രൊജെക്ട് നടപ്പിലാക്കുന്നത്.

(ഡി) ഇതിനായി ഐ.ടി. വകുപ്പ് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

(ഡി) 02-02-2015 ലെ G.O(Ms) No. 03/2015/ITD ഉത്തരവ് പ്രകാരം എല്ലാ സർക്കാർ വകുപ്പുകൾ, യൂണിവേഴ്സിറ്റികൾ, കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ, തദ്ദേശ സ്വയംഭരണ വകുപ്പ് സ്ഥാപനങ്ങൾ, പൊതു മേഖലാ സ്ഥാപനങ്ങൾ എന്നിവ അവയുടെ ഇ- സേവനങ്ങൾ, ഈ പോർട്ടലുമായി ബന്ധിപ്പിക്കുവാനുള്ള നടപടി സ്വീകരിക്കുവാൻ വിവര സാങ്കേതിക വിദ്യാ വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള തുടർ നടപടികൾ സ്വീകരിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ